EG
5/3/13

016220

# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, ഗ്രേഡ്-II തസ്തികകൾ ഇന്റർ ചെയ്ഞ്ചബിൾ ആക്കാനുള്ള അനുവാദം നൽകിക്കൊണ്ട്- ഉത്തരവാകുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ) നം. 713 /2013/ആ.കു.വ. തിരുവനന്തപുരം, തീയതി 02.03.2013.

---

പരാമർശം. 1. 7.1.1991 ലെ ജി.ഒ(പി) 1/91/ ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

2. 9.1.2012 ലെ സ.ഉ. (കൈ) നം.18/12(37)/ധന നമ്പർ ഉത്തരവ്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.08.2012 ലെ ഇ.ജി 2-47166/12/ആ.വ.ഡ നമ്പർ കത്ത്.

## ഉത്തരവ്

2009 ലെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിലെ പൊതുജനാരോഗ്യ വിഭാഗത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റേഷ്യോ, നിലവിലുണ്ടായിരുന്ന 2:1 ൽ നിന്നും പരാമർശം (2) ലെ ഉത്തരവു പ്രകാരം 1:1 ആക്കിക്കൊണ്ട് ഉത്തരവായി. ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I, ഗ്രേഡ്- II തസ്തികകൾ പരസ്പരം ഇന്റർ ചെയ്ഞ്ചബിൾ ആക്കുകയാണെങ്കിൽ നിലവിലുള്ള ഗ്രേഡ്-I തസ്തികയിലുള്ളവരെ അവർ ആവശ്യപ്പെടുന്ന ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയശേഷം പ്രസ്തുത ജില്ലയിൽ ജൂനിയറായവരെ മറ്റ് ജില്ലയിലേക്ക് മാറ്റാവുന്നതും മറ്റുള്ളവരെ അതാത് സ്ഥലങ്ങളിൽ സ്ഥാനക്കയറ്റം നൽകി നിലനിറുത്താനും സംസ്ഥാനതലത്തിൽ 1:1 അനുപാതം പാലിക്കാനും സാധിക്കും എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരാമർശം (1 ) ലെ ഉത്തരവിന്റെ വെളിച്ചത്തിൽ പരിശോധിച്ചു. ഒരേ തസ്തികയിൽ വിവിധ ഗ്രേഡുകളിൽ ജോലി ചെയ്യുന്നവരെ ജോലി സ്വഭാവത്തിന് മാറ്റം വരുന്നില്ല എങ്കിൽ ഗ്രേഡ് കണക്കാക്കാതെ നിയമനം നൽകാം എന്നാണ് പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥ.

3. അതിനാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകളുടെ ജോലി സ്വഭാവത്തിന് വ്യത്യാസമില്ലാത്തതിനാൽ ഓരോ ജില്ലയിലെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകൾ 1:1 റേഷ്യോ നിലനിർത്തിക്കൊണ്ട് ഇന്റർ ചെയ്ഞ്ചബിൾ ആക്കുവാനും, ജെ.എച്ച്.ഐ ഗ്രേഡ്-II ജീവനക്കാരെ പ്രമോഷൻ ആകുന്ന സമയത്ത് അതാതു ജില്ല യിൽ തന്നെ കഴിയുന്നത്ര നിലനിറുത്താനും മറ്റു ജില്ലകളിലേക്കുള്ള അപേക്ഷകരെ ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമിക്കാനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുവാദം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രമേശൻ. എം.കെ,
അണ്ടർ സെക്രട്ടറി.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യം), (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

ഓഫീസ് നമ്പർ. ഇജി2/47166/2012/ആ.വ.ഡ. തീയതി. 15.3.13

എല്ലാ DMO മാരുടെയും അറിവിലേക്കും തുടർന്നു നടപടിക്കുമായി അയയ്ക്കുന്നു.